**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4025** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി എത്ര ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്; ഇവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ 688 ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ പ്രവർത്തിക്കാനായി ഓരോ കുടുംബാരോഗ്യകേന്ദ്രത്തിലും ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ് ഉടങ്ങിയ ജീവനക്കാർ എത്രപേർ വീതം വേണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ആർദ്രം മാനദണ്ഡ പ്രകാരം രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ പ്രവർത്തിക്കാനായി ഓരോ കുടുംബാരോഗ്യകേന്ദ്രത്തിലും ഡോക്ടർ-3, സ്റ്റാഫ് നഴ്സ് -4, ഫാർമസിസ്റ്റ് -2 എന്നിങ്ങനെ ജീവനക്കാർ വേണം എന്ന് നിഷ്കർഷിക്കുന്നു. |
| (സി) | സംസ്ഥാനത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ് തസ്തികകൾ ആകെ എത്രവീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഡോക്ടർ -570, സ്റ്റാഫ് നഴ്സ് - 740, ഫാർമസിസ്റ്റ് - 150 |
| (ഡി) | കുടുംബാരോഗ്യകേന്ദ്രങ്ങളിലെ ഫാർമസിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് കൂടുതൽ തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ഇ) | പുതിയ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കാനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത തസ്തികകൾ അനുവദിച്ച് മരുന്ന് വിതരണം സുഗമമാക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ഉത്തരം ((ഡി) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ